വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ):

(എ) അല്ല.
(ബി) ഉണ്ട്.
(സി) അല്ല.

(മി. സ്പീക്കർ : കമ്മ്യൂൺ നമ്പർ 4, 24, 42 ഇവയുടെ ഉത്തരം കൂടെ പറയണം)

പഞ്ചായത്ത് തിരഞ്ഞെടുപ്പ്

* 85. [4] ശ്രീ. ആർ. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റേറ്റിൽ ഇക്കഴിഞ്ഞ 1963 ഡിസംബർ ആദ്യ ആഴ്ചകൊണ്ട് അവസാനിച്ച പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ ആകെ എത്ര സീറ്റുകളിൽ അംഗങ്ങളെ തിരഞ്ഞെടുത്തു ;

(ബി) കോൺഗ്രസ്, പി. എസ്. പി., കമ്മ്യൂണിസ്റ്റ്, ലീഗ് എന്നീ കക്ഷികൾക്ക് എത്ര പഞ്ചായത്തുകളിൽ ഭൂരിപക്ഷം കിട്ടി ;

(സി) കക്ഷിരഹിതർക്ക് ഭൂരിപക്ഷം കിട്ടിയ പഞ്ചായത്തുകളെത്ര ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ) :

(എ) 7690 സീറ്റുകളിൽ അംഗങ്ങളെ തിരഞ്ഞെടുത്തു.
(ബി) 260.
(സി) കക്ഷി അടിസ്ഥാനത്തിലല്ല മത്സരം നടത്തിയത്.

പഞ്ചായത്ത് തിരഞ്ഞെടുപ്പ്

* 86. [24] ശ്രീ. കെ. എം. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1963 നവംബർ, ഡിസംബർ മാസങ്ങളിൽ കേരളത്തിൽ നടന്ന പഞ്ചായത്ത് തിരഞ്ഞെടുപ്പിനു് മൊത്തം ഗവണ്മെൻറിനു എത്ര ചെലവായി ;

(ബ) ആകെ എത്ര മെമ്പറന്മാർ തിരഞ്ഞെടുക്കപ്പെട്ടു ;

(സി) ഓരോ ഡിസ്ട്രിക്റ്റിലും ശരാശരി എത്ര ശതമാനം പോൾ നടന്നു ;

(ഡി) എത്ര എലക്ഷൻ കേസ്സുകൾ ഫയലായിട്ടുണ്ട് ;

(ഈ) ഈ തെരഞ്ഞെടുപ്പു സംബന്ധിച്ചു് സ്റ്റേറ്റിൽ എത്ര ക്രിമിനൽ കേസ്സുകൾ ഉണ്ടായിട്ടുണ്ടെന്നു പറയാമോ ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ) :

(എ) കിട്ടിയിട്ടില്ല. ഏകദേശം പന്ത്രണ്ടു് ലക്ഷം രൂപ വരുമെന്നു് തിട്ടപ്പെടുത്തിയിരിക്കുന്നു.

(ബി) ഡിസംബർ ആദ്യത്തെ ആഴ്ചകൊണ്ടു് അവസാനിച്ച തിരഞ്ഞെടുപ്പിൽ 7690 പേരെ തിരഞ്ഞെടുത്തു.

(സി) എഴുപത്തിയഞ്ചിനും തൊണ്ണൂറിനും ഇടയ്ക്കു് പോൾ നടന്നു.

(ഡി) 26.

(ഈ) 57.

Mr. Speaker : Question No. 42 need not be answered. The Minister has already given the answer to that question during his reply.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മാടേത്തുഗോപിനാഥപിള്ള : ആലപ്പുഴജില്ലയിലെ ഇൻഫർമേഷൻ ആഫീസർ ഓരോ കക്ഷിക്കും കിട്ടിയ സീറ്റുകളെ സംബന്ധിച്ച് ഒരു ലഘുലേഖപ്രസിദ്ധം ചെയ്തുവെന്നും ഗവണ്മെൻറിന്റെ അനുവാദത്തോടുകൂടിയല്ലെന്നും പറഞ്ഞു, ഇങ്ങനെ കാൺഗ്രസ്സിന്റെ സംഘടനയെസംബന്ധിച്ചിടത്തോളം പല തെറ്റിദ്ധാരണകളും വരുത്തുന്ന ലഘുലേഖകം പ്രസിദ്ധം ചെയ്ത ആ ആഫീസറുടെ മേൽ സത്വരമായ നടപടികം ഗവണ്മെൻറിൽനിന്നും എടുക്കുമോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : അതിനെക്കുറിച്ച് ഗവണ്മെൻറിൽ നിന്നും അന്വേഷണം നടത്തുകയാണ്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : കക്ഷി അടിസ്ഥാനത്തിലല്ല പഞ്ചായത്തു തെരഞ്ഞെടുപ്പു നടത്തിയിട്ടുള്ളതു്. എന്നാൽ ഈ പഞ്ചായത്തു തിരഞ്ഞെടുപ്പിൽ കമ്മ്യൂണിസ്റ്റുകക്ഷിക്കാണു് ഭൂരിപക്ഷം കിട്ടിയതെന്നു് ഒരു പ്രസ്താവന ശ്രീ. എ. കെ. ഗോപാലൻ പാർലമെൻറിൽ ചെയ്തതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? ഉണ്ടെങ്കിൽ ഇങ്ങനെ തെറ്റായ പ്രസ്താവന ചെയ്തതിൽ ഗവണ്മെൻറു വല്ല നടപടിയും എടുത്തിട്ടുണ്ടോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : ശ്രീ. എ. കെ. ഗോപാലന്റെ പ്രസ്താവനയിൽ എന്തെങ്കിലും നടപടി ഗവണ്മെൻറിൽനിന്നും നടത്തുക സാദ്ധ്യമല്ല.

ശ്രീ. പി. കെ. അബ്ദുൽ കാദർ : കക്ഷിരഹിതമായി പഞ്ചായത്തു തിരഞ്ഞെടുപ്പു ഉദ്ദേശിച്ച രീതിയിൽ നടത്തിയിട്ടുണ്ടോ ? അതിനെ സംബന്ധിച്ചുള്ള ഗവണ്മെൻറിന്റെ വിലയിരുത്തൽ എന്താണു്?

ശ്രീ. കെ. എ. ദാമോദരമേനോൻ : കക്ഷിരഹിതമായി തെരഞ്ഞെടുപ്പു നടത്തണമെന്നുള്ള നിർദ്ദേശം അതിന്റെ ലക്ഷ്യത്തിലും അതിന്റെ വ്യാപ്തിയിലും നടപ്പിൽ വന്നിട്ടുണ്ടെന്നു് ഗവണ്മെൻറു് വിചാരിക്കുന്നില്ല.

ശ്രീ. ജോസഫ് ചാഴിക്കാട്ടു് : ഒന്നാമത്തെ കോസ്റ്റ്യൻ 'ബി'യിൽ ആലപ്പുഴ ജില്ല ഇൻഫർമേഷൻ ആഫീസർ കക്ഷിഅടിസ്ഥാനത്തിൽ തിരഞ്ഞെടുപ്പുഫലം തെറ്റായരീതിയിൽ പ്രസിദ്ധം ചെയ്തിട്ടുള്ളതിനെപ്പറ്റി ഗവണ്മെൻറിൽനിന്നും ആ ആഫീസറുടെ പേരിൽ അന്വേഷണം നടത്താമോ എന്നു ചോദിച്ചതിനു് നടത്താമെന്നു് പറഞ്ഞു. അതിനെപ്പറ്റി വേണ്ടവിധത്തിൽ അന്വേഷണം നടത്തി, അതിന്റെ ഫലം എന്താണെന്നു് ഈ സഭയെ അറിയിക്കാൻ ദയവുണ്ടാകുമോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : ശരിയായരീതിയിൽ അന്വേഷണം നടത്താവുന്നതാണു്. അടിയന്തിരമായി അതിനെസംബന്ധിച്ചു അന്വേഷണം നടത്തി നടപടികം എടുക്കണമെന്നാണു് ഗവണ്മെൻറിന്റെ വിചാരം. അന്വേഷണഫലം അറിയിക്കാവുന്നതാണു്.

ശ്രീ. എം. നാരായണക്കുറുപ്പു് : പാർട്ടിനിലവിലിരിക്കുകയും അതേ സമയം പാർട്ടിരഹിതമായി തിരഞ്ഞെടുപ്പു നടത്തുകയും ചെയ്യാൻ സാധിക്കുമോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : കക്ഷിരഹിതമായരീതിയിൽ പഞ്ചായത്തുതിരഞ്ഞെടുപ്പു നടത്തണമെന്നു് കാൺഗ്രസ്സു് തീരുമാനിച്ചു. ആ നിർദ്ദേശം മറ്റു പാർട്ടികളും ഔപചാരികമായി സ്വീകരിച്ചിട്ടുണ്ടു്. പക്ഷെ അതു് പൂർണ്ണമായിട്ടും അതിന്റെ വ്യാപ്തിയിലും ലക്ഷ്യത്തിലും എത്തിയിട്ടില്ല.

ഡാ: കെ. എം. ചാക്കോ : വേങ്ങൂർ പഞ്ചായത്തിൽ ഒരു വനിതാ മെമ്പറെ തെരഞ്ഞെടുക്കുന്നതിനുവേണ്ടി സംബന്ധിക്കാൻ അവിടത്തെ ഹരിജൻ പഞ്ചായത്തു് മെമ്പറെ അനുവദിക്കുകയുണ്ടായി. ആ മെമ്പറെ ബലാൽക്കാരമായി ചില തൽപ്പരകക്ഷികം അവിടെനിന്നും പിടിച്ചുകൊണ്ടു

LIBRARY ARCHIVES Kerala Legislative Assembly

പോകുകയാണു് ചെയ്തിട്ടുള്ളതു്. ആ വിവരം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? എങ്കിൽ അതിന്മേൽ എന്തു് നടപടിയാണു് ഗവണ്മെൻറു് എടുത്തിട്ടുള്ളതെന്നു പറയാമോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : ഇന്നലെയാണു് ബഹുമാനപ്പെട്ട മെംബറും അവിടത്തെ ഒരു പ്രധാന പ്രവർത്തകനും കൂടി ഇതിനെസംബന്ധിച്ചുള്ള ആക്ഷേപം നടത്തിയതു്. അതിനെപ്പറ്റി ഗവണ്മെൻറിൽനിന്നും അന്വേഷിക്കാവുന്നതാണു്.

ശ്രീ. ടി. കൃഷ്ണൻ : പഞ്ചായത്തു് രാജിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാനും, സാമൂഹ്യപ്രവർത്തനങ്ങളും പുരോഗതിയിൽ എത്തിക്കുന്നതിനും സഹായിക്കുന്ന ഗ്രാമീണ സന്നദ്ധസേനാ എന്നൊരു വിഭാഗം പഞ്ചായത്തിന്റെ കീഴിൽ പ്രവർത്തിക്കുന്നുണ്ടു്. അവയെ പിരിച്ചുവിടാൻ വല്ല തീരുമാനവും എടുത്തിട്ടുണ്ടോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : പഞ്ചായത്തിന്റെ കീഴിലുള്ള പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നതിനും അവ പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടിയാണു് ഇതു് സംഘടിപ്പിച്ചിട്ടുള്ളതു്. അതിന്റെ പ്രവർത്തനം ഇനിയും തുടർന്നു പോകുന്നതാണു്.

ശ്രീ. ടി. കൃഷ്ണൻ : ഓരോ പഞ്ചായത്തിന്റെ കീഴിലും സംഘടിപ്പിച്ചിട്ടുള്ള ഗ്രാമീണസന്നദ്ധസേനയെ തിരിച്ചെടുക്കുന്നതിനു് ചില പഞ്ചായത്തുകളും തയാറാകുന്നില്ലെന്നുള്ള വസ്തുത ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. എ. ദാമോദരമേനോൻ : ഓരോ പഞ്ചായത്തും അതിന്റെ കീഴിൽ സംഘടിപ്പിച്ചു കഴിഞ്ഞിട്ടുള്ള വാളൻറിയർ സേനയെ തിരിച്ചെടുക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ടു്. അങ്ങനെ ഏതെങ്കിലും പഞ്ചായത്തു് തിരിച്ചെടുക്കുന്നില്ലെന്നുള്ള വിവരം ബഹുമാനപ്പെട്ട മെമ്പർ എന്റെ അടുക്കൽ അറിയിച്ചാൽ അതിനാവശ്യമായ നടപടികളെടുക്കാവുന്നതാണു്.

ശ്രീ. കെ. എം. ജോർജ്ജു് : വില്ലേജു് വാളൻറിയർ സേനയുടെ പ്രവർത്തനം കൂടുതൽ വിജയകരമായി നടത്തുന്നതിനും അതിന്റെ ഗുണം പഞ്ചായത്തിനു കിട്ടുന്നതിനും വേണ്ടി പഞ്ചായത്തിന്റെ കീഴിലുള്ള കാൺട്രാക്ടർക്കുകൂടി പ്രവർത്തിക്കാൻ വേണ്ട നടപടികളും ആസൂത്രണം ചെയ്യുമോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : വാളൻറിയർ സേനയിൽ അംഗങ്ങളല്ലാത്ത പഞ്ചായത്തിന്റെ പരിധിയിൽ താമസിക്കുന്ന പ്രായപൂർത്തിയായ സ്ത്രീകളും പുരുഷന്മാരും കഴിയുമെങ്കിൽ അവരുടെ ഒരു ദിവസത്തെ പ്രയത്നശക്തി പഞ്ചായത്തുകളുടെ പൊതു ആവശ്യത്തിനുവേണ്ടി ഉപയോഗിക്കാമെന്നുണ്ടു്. റോഡുകളും ഉണ്ടാക്കുന്നതിനും ജലസേചനപദ്ധതികളുംക്കുവേണ്ടിയും സംഭാവനചെയ്യുന്നതിനുവേണ്ടി ഒരു ലേബർ ബാങ്കും നടത്തുന്നുണ്ടു്. അതിൽ പണിചെയ്യുന്നവർക്കു് ലേബർ ബാങ്കിൽ ഒരു ദിവസത്തെ പ്രയത്നശക്തി സംഭാവന ചെയ്യാം. കൂടാതെ ബഹുമാനപ്പെട്ടമെമ്പർ പറഞ്ഞരീതിയിലുള്ള ഒരു നടപടിക്രമം സ്വീകരിക്കുന്നതിനെപ്പറ്റിയും ആലോചിക്കാം.

ശ്രീ. സി. എ. മാത്യു : രാഷ്ട്രീയപരിഗണനകൂടാതെ തിരഞ്ഞെടുപ്പു നടത്തണമെന്നു് തീരുമാനിച്ചതിന്റെ ഫലമായിസാമുദായികപരിഗണനയിൽ പല പഞ്ചായത്തുകളും തിരഞ്ഞെടുപ്പിലും സ്ഥാനാർത്ഥികളെ നിറുത്തിയെന്നുള്ള ആക്ഷേപം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? മേലാൽ ഇങ്ങനെ വരാതിരിക്കുന്നതിനാവശ്യമായ നടപടികളും കൈക്കൊള്ളുമോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : ഇങ്ങനെയൊരു ആക്ഷേപവും ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടു്. ചില പ്രദേശങ്ങളിൽ മാത്രമേ ഇങ്ങനെ സംഭവിച്ചിട്ടുള്ളു. ചില വാർഡുകളിൽ ഇത്തരം നടപടി സ്വീകരിച്ചു

LIBRARY ARCHIVES Kerala Legislative Assembly

തിരഞ്ഞെടുപ്പു നടത്തിയെന്നുള്ളതു് ഇന്നത്തെ സാഹചര്യത്തിൽ അത്ഭുതപ്പെടേണ്ടതില്ല. പക്ഷെ അതിനു് എന്താണു് ഒരു പരിഹാരം എന്നുകണ്ടുപിടിച്ചു് ഗവണ്മെൻറു് ലവലിൽ ഒരു നടപടി എടുക്കുക സാദ്ധ്യമല്ല. പൊതുജനങ്ങളും, എല്ലാ രാഷ്ട്രീയകക്ഷികളും ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ സാമുദായികമനോഭാവം വരാതിരിക്കാനുള്ള സാഹചര്യം സൃഷ്ടിക്കേണ്ടതാണു്. ബഹുമാനപ്പെട്ട മെമ്പറും മറു മെമ്പറന്മാരും ആ നിലയിൽ പ്രവർത്തിക്കുമെന്നു് ഞാനാശിക്കുന്നു.

ശ്രീ. ജോസഫ് ചാഴിക്കാട്ടു്: ഈ കഴിഞ്ഞ പഞ്ചായത്തു തിരഞ്ഞെടുപ്പിൽ എതിരില്ലാതെ തിരഞ്ഞെടുപ്പു നടത്തുന്ന വാർഡുകളിൽ പഞ്ചായത്തുകൾക്കു് പതിനായിരം രൂപ ഗവണ്മെൻറിൽനിന്നും പാരിതോഷികമായി കൊടുക്കുന്നതാണെന്ന പത്രത്തിൽ ഒരു വാർത്ത കാണുകയുണ്ടായി. ആ വാർത്തയിൽ പറയുന്ന കാര്യം ശരിയാണോ; അതു് ഗവണ്മെൻറു് അറിഞ്ഞുകൊണ്ടു് പ്രസിദ്ധം ചെയ്തിട്ടുള്ളതാണോ; എങ്കിൽ അതു് നിലവിൽ വരുത്തിയിട്ടുണ്ടോ?

ശ്രീ. കെ. എ. ദാമോദരമേനോൻ: കക്ഷിരഹിതമായ അടിസ്ഥാനത്തിൽ മത്സരം ഇല്ലാതെ തിരഞ്ഞെടുപ്പു നടത്തുന്ന വാർഡുകളുള്ള പഞ്ചായത്തുകൾക്കു്, അതിലെ പ്രസിഡണ്ടും വൈസ്പ്രസിഡണ്ടും മറെറല്ലാ തിരഞ്ഞെടുപ്പുകളും എതിരില്ലാതെ നടത്തുകയാണെങ്കിൽ ഒരു പാരിതോഷികം നൽകുന്ന കാര്യം ഗവണ്മെൻറിൽനിന്നും പരിഗണിക്കാവുന്നതാണു്.

ഹരിജനക്ഷേമപ്രവർത്തനങ്ങൾക്കു നീക്കിവച്ച സംഖ്യ.

* 87. [2] ശ്രീ. കെ. കെ. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തികവർഷത്തിൽ ഹരിജനക്ഷേമ പ്രവർത്തനങ്ങൾക്കു് വേണ്ടി നീക്കിവെച്ച സംഖ്യ എത്ര;

(ബി) ഇതിൽ ചെലവായതെത്ര;

(സി) ഈ വർഷത്തിൽ നടത്തിയ ഹരിജനക്ഷേമ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നു വിശദമാക്കാമോ?

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു)

(എ) 151·734 ലക്ഷം രൂപ.

(ബി) 1963 നവംബർ 30–ാം തീയതിവരെ 82·745 ലക്ഷം രൂപ ചെലവായി.

(സി) വിശദവിവരങ്ങളടങ്ങിയ പട്ടിക മേശപ്പുറത്തു വച്ചിട്ടുണ്ടു്†

ശ്രീ. പി. സി. ബാലകൃഷ്ണൻനമ്പ്യാർ: ഈ സ്റ്റോറിൽ ഷെഡ്യൂൾഡു് ട്രൈബ്സിനു് ഒട്ടാകെ നീക്കിവച്ച സംഖ്യ എത്രയാണെന്നു വകതിരിച്ചു പറയാമോ; ഏറെറവും കൂടുതൽ സംഖ്യ ചെലവഴിച്ചതു് ഏതു ജില്ലയിലാണെന്നു പറയാമോ?

ശ്രീ. കെ. കുഞ്ഞമ്പു: അതിനു പ്രത്യേകം ചോദ്യമായി ചോദിച്ചാലേ പറയുവാൻ നിവൃത്തിയുള്ളൂ.

നാഷണൽ ലോൺ സ്കോളർഷിപ്പു് സ്കീം

* 88. [3] ശ്രീ. ടി. ഒ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) നാഷണൽ ലോൺ സ്കോളർഷിപ്പു് സ്കീം അനുസരിച്ചു സഹായം നൽകുന്നതിനു വിദ്യാർത്ഥികളെ തിരഞ്ഞെടുത്തതു് ഏതു മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണു്;

† Appendix I

LIBRARY ARCHIVES Kerala Legislative Assembly